# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1010 — 21.03.2013 -ൽ മറുപടിയ്ക്ക്

## സ്ക്കൂളുകളിൽ മലയാള പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സ്ക്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (എ) 01.09.11-ലെ സർക്കാർ ഉത്തരവ് (പി) നം.183/11/പൊ.വി. പ്രകാരം മലയാള ഭാഷാപഠനം സംസ്ഥാനത്ത് നിർബന്ധമാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) ഈ ഉത്തരവ് എല്ലാ സ്ക്കൂളുകളിലും നടപ്പാക്കിയിട്ടുണ്ടോ ; | (ബി) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്ക്കൂളുകളിലും മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഉത്തരവ് ഇനിയും നടപ്പിലാക്കാത്ത സ്ക്കൂളുകൾ ഉണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) ബഹു: ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) നം.2435/12/(ഡി) ഉത്തരവിൽ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്രീയവിദ്യാലയങ്ങൾ, ഐ.സി.എസ്.ഇ/ സി.ബി.എസ്.ഇ സ്ക്കൂളുകൾ എന്നിവയുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി |

(..............2)

ആയതിനാൽ ടി സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ലായെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ 01.09.11 -ലെ സർക്കാർ ഉത്തരവ് നം.183/11/പൊ.വി. ഉത്തരവ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയവിദ്യാലയങ്ങളിലും, ഐ.സി.എസ്.ഇ/സി.ബിഎസ്.ഇ സ്ക്കൂളുകളിലും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ മലയാള പഠനം നിർബന്ധമാക്കാൻ നടപടിയെടുക്കുമോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളുടെ കാര്യത്തിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധമോ/ ഓപ്ഷണലോ ആക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി), (ഇ) & (എഫ്) പരിശോധിക്കുന്നതാണ്.

Sindhu

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്